# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഓഗസ്റ്റ് 15

## വാർത്താക്കുറിപ്പ്

### എം.ജിയിൽ സ്വാതന്ത്ര്യ ദിനാഘോഷം

യുവജനങ്ങളെ വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ളവരാക്കി വാർത്തെടുക്കുകയും അവരെ അന്തസുള്ള വിശ്വ പൗരന്മാരാക്കി വളർത്തി എടുക്കുകയും ചെയ്യുക എന്നതാണ് രാജ്യത്തെ അക്കാദമിക സമൂഹം ഇന്ന് ഏറ്റെടുക്കേണ്ട വെല്ലുവിളി എന്ന് മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി സർവ്വ കലാശാല ആസ്ഥാനത്ത് ദേശീയ പതാക ഉയർത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസപരമായ മുന്നേറ്റത്തിലൂടെ മാത്രമെ സമൂഹത്തിലെ അസമത്വങ്ങളെ മറികടക്കാൻ കഴിയുകയുള്ളൂവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മഹാമാരിയുടെ കാലത്ത് ജനങ്ങളുടെ ജീവനും ആരോഗ്യത്തിനുമായി പൊരുതുന്ന മുൻ നിര പോരാളികൾക്ക് സമൂഹത്തിൻ്റെ പൂർണ പിന്തുണയുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.

സർവ്വകലാശാല സുരക്ഷാ ഉദ്യോഗസ്ഥർ പങ്കെടുത്ത സ്വാതന്ത്ര്യ ദിന പരേഡിൽ വൈസ് ചാൻസലർ അഭിവാദ്യം സ്വീകരിച്ചു. സെക്യൂരിറ്റി ഓഫിസർ കെ.എം. ജോർജ് പരേഡിന് നേതൃത്വം നൽകി. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി. റ്റി. അരവിന്ദകുമാർ, രജിസ്ട്രാർ പ്രൊഫ. ബി. പ്രകാശ് കുമാർ, സിൻഡിക്കേറ്റ് അംഗം ഡോ. എ ജോസ്, സർവ്വകലാശാല അധ്യാപകർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. ചടങ്ങിൽ പങ്കെടുത്ത അതിഥികൾ സർവ്വകലാശാല ആസ്ഥാനത്തെ ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി.

### ഫോട്ടോ ക്യാപ്ഷൻ

**സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാല ആസ്ഥാനത്ത് നടന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) സാബു തോമസ് ദേശീയ പതാക ഉയർത്തുന്നു**

(പി.ആർ.ഒ/39/784/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ